# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ *163

25.03.2013 ലെ മറുപടിക്ക്

## സർക്കാർ സർവ്വീസിൽ നിയമനത്തിന് മലയാളഭാഷാ പഠനം നിർബന്ധിതമാക്കിയ നടപടി

ചോദ്യം

ശ്രീ.എ.എ.അസീസ്

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ സർവ്വീസിൽ നിയമനത്തിനായി മലയാള ഭാഷാ പഠനം നിർബന്ധിത-മാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | പത്താം ക്ലാസ്സുവരെ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ കേരള സർക്കാർ സർവീസിൽ പ്രവേശിച്ചാൽ അവരുടെ പ്രൊബേഷൻ പൂർത്തിയാക്കു-ന്നതിന് പത്താം ക്ലാസ് മലയാള പാഠാവലിയുടെ നിലവാരത്തിലുള്ള ഒരു പരീക്ഷ വിജയിക്കണമെന്നും പരീക്ഷാ നടത്തിപ്പിന് കേരള പബ്ലിക് സർവീസ് കമ്മീഷനെ ചുമതലപ്പെടുത്താനും സർക്കാർ ഉദ്ദേശിക്കുന്നതായും മലയാളം മിഷന്റെ കീഴിലുള്ള മലയാള ഭാഷാ പഠനത്തിന്റെ ഭാഗമായി സീനിയർ ഹയർ ഡിപ്ലോമാ പരീക്ഷ ജയിച്ചവർക്ക് ഈ പരീക്ഷ എഴുതേണ്ടതില്ല എന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്ന് ഉദ്ദേശിക്കുന്നതായും കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കു-കയും പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം സർക്കാരിനെ അറിയിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള ജീവനക്കാരിൽ മലയാളഭാഷയിൽ പ്രാവീണ്യ-മില്ലാത്തവർക്ക് പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശി-ക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഇക്കാര്യങ്ങളിൽ യാതൊരു തീരുമാ-നവും കൈക്കൊണ്ടിട്ടില്ല. |
| (സി) | സ്കൂൾ, കോളേജ് തലങ്ങളിൽ മലയാളം പഠിക്കാത്തവർക്ക് മലയാളത്തിൽ പ്രാവീണ്യം നേടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**